പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

11.06.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *172.

## കെ-ഫോൺ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>,, കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, കോവൂർ കുഞ്ഞുമോൻ : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ കെ-ഫോൺ പദ്ധതിപ്രകാരം എന്തൊക്കെ സേവനങ്ങളാണ് പൊതുജനങ്ങൾക്ക് നല്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കെ-ഫോൺ പദ്ധതി പ്രകാരം സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാവുന്നതും പ്രസ്തുത പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യങ്ങളിലൊന്നാണ്. |
| (ബി) | ഈ പദ്ധതിയുടെ നടത്തിപ്പിനെപ്പറ്റിയും സാമ്പത്തിക സ്രോതസ്സിനെപ്പറ്റിയുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നിലവിൽ സംസ്ഥാന ഐ.ടി. വകുപ്പിന് കീഴിലുള്ള കമ്പനിയായ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ)നെയാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുന്നത്. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റേയും |

| | | | |
|---|---|---|---|
| | | | (കെ.എസ്.ഐ.ടി.ഐ.എൽ.) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റേയും (കെ.എസ്.ഇ.ബി) സംസ്ഥാന സർക്കാരിന്റേയും പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് ലിമിറ്റഡ്' എന്ന പേരിൽ ഒരു പുതിയ ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പുതിയ ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിക്കുന്നതുവരെ കെ.എസ്.ഐ.ടി.ഐ.എൽ. നായിരിക്കും പദ്ധതിയുടെ നിർവ്വഹണ ചുമതല. ഈ പദ്ധതിയ്ക്ക് 1028 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി നടത്തിപ്പിന് 823/- കോടി രൂപയ്ക്ക് KIIFB യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെ USOF (Universal Service Obligation Fund) ൽ നിന്ന് ധനസഹായത്തിന് അഭ്യർത്ഥിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം (2018-19) ഈ പദ്ധതിയ്ക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. |
| (സി) | ഈ പദ്ധതി നടപ്പിൽ വരുന്നതോടെ സംസ്ഥാനത്തെ വിവരസാങ്കേതിക രംഗത്ത് എന്തൊക്കെ മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നത്; | (സി) | ഇന്റർനെറ്റ് ഒരു അവകാശമെന്ന നയം പ്രാവർത്തികമാക്കുന്നതിനും, സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവുമാക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. സർക്കാർ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുക വഴി കാര്യക്ഷമവും വേഗ |

| | | | |
|---|---|---|---|
| | | | മേറിയതുമായ വിവര സാങ്കേതിക ശൃംഖല സൃഷ്ടിക്കുവാൻ കഴിയും. ഈ പദ്ധതി വഴി സംസ്ഥാനത്തെ ഡിജിറ്റൽ വേർതിരിവ് ഇല്ലാതാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഈ പദ്ധതിയ്ക്ക് സാങ്കേതിക സഹായം ലഭ്യമാക്കാൻ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കുന്ന വിവരസാങ്കേതിക പ്രവർത്തകരുടെ സേവനം ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റേയും (കെ.എസ്.ഐ.ടി.ഐ.എൽ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റേയും (കെ.എസ്.ഇ.ബി) സംയുക്തസംരംഭമായാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. കെ-ഫോൺ പദ്ധതിയ്ക്ക് സാങ്കേതിക സഹായം ലഭ്യമാക്കുവാൻ രാജ്യാന്തരതലത്തിൽ പ്രശസ്തരായവരും മികച്ച ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്നവരുമായ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ടു ഐ.ടി സെക്രട്ടറി കൺവീനറായി പതിനൊന്ന് അംഗങ്ങളുള്ള ഒരു സാങ്കേതിക കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റി നിശ്ചിത ഇടവേളകളിൽ യോഗം ചേർന്നു പദ്ധതിയുടെ പ്രവർത്തനപുരോഗതി സംബന്ധിച്ചും പദ്ധതിയുടെ സാങ്കേതിക സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ചും അവലോകനം നടത്തി വിദഗ്ദ്ധ ഉപദേശം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ